**പതിനഞ്ചാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 237** **16-09-2025-ൽ മറുപടിയ്ക്ക്**

**കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജ്**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. എൻ. എ. നെല്ലിക്കുന്ന് ശ്രീ. കെ. മുരളീധരൻ

ശ്രീ. എൻ. എ. നെല്ലിക്കുന്ന് (ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** 2013 നവംബർ 30ന് തറക്കല്ലിട്ടതിന ശേഷം കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജിൽ ഇതുവരെ നടന്നതും ഇപ്പോൾ നടന്ന വരുന്നതുമായ നിർമ്മാണ പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

**മറുപടി:** 25.07.20216 ലെ ഉത്തരവ് പ്രകാരം 5 കോടി രൂപ മൊബിലൈസേഷൻ ഫണ്ട് ഇനത്തിൽ നൽകികൊണ്ട് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ച മെഡിക്കൽ കോളേജിന്റെ പുരോഗതി താഴെ പറയും പ്രകാരമാണ്.

1. കാസർഗോഡ് മെഡിക്കൽ കോളേജ് അക്കാദമിക്ക് ബ്ലോക്ക് നിർമ്മാണം
2. കാസർഗോഡ് മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ ബ്ലോക്ക് നിർമ്മാണം
3. പാർപ്പിട സൗകര്യങ്ങളുമായി ബന്ധപ്പെട്ട ഗേൾസ് ഹോസ്റ്റൽ ടീച്ചിംങ് കോട്ടേഴ്സ് എന്നിവയുടെ നിർമ്മാണം.

**(ബി)** ഈ പ്രവൃത്തികളുടെ ചെലവ് എത്രയാണെന്നും ഏതെല്ലാം വർഷങ്ങളിൽ ഏതെല്ലാം ഫണ്ടുകളിൽ നിന്നാണ് തുക അനുവദിച്ചതെന്നും വിശദമാക്കാമോ;

**മറുപടി:** ചെലവ്, ഫണ്ട് തുടങ്ങിയവ ഇനം തിരിച്ച് ചുവടെ ചേർക്കുന്നു.

അക്കാദമിക് ബ്ലോക്ക് (കെ.ഡി.പി ഫണ്ട്)

2016-17-- 8,75,00,000

2017-18 -- 7,73,84,662

2018-19 -- 59,43,993

2019-20 -- 2,19,09,040

2020 -21 -- 2,18,37,703

2021-22 -- 2,02,78,784

2022-23 -- 22,40,280

2023-24 -- 1,76,67,493

<u>ഹോസ്പിറ്റൽ ബ്ലോക്ക് (പ്ലാൻ ഫണ്ട് & നബാർഡ് ഫണ്ട്</u> )

2015-16- 5,82,00,000

2016-17 -0

2017-18 -0

2018-19- 4,90,93,937

2019-20 -- 8,00,82,913

2020-21 -- 9,45, 89,053

2021-22 -- 7,17, 03,528

2022-23 -- 3,93,13,950

2023-24 -- 6,89,79,300

<u>ഗേൾസ് ഹോസ്റ്റൽ, ടീച്ചിംഗ് ക്വാർട്ടേഴ്സ് (കെ.ഡി.പി)</u>

2022-23 -- 5,42,04,027

2023-24 -- 11,44,10,714

2024-25 -- 10,00,62,346

**(സി)** ഇതുവരെയുള്ള നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാർ ആരൊക്കെയാണെന്നും അവർ നൽകിയ ബില്ല് എത്ര തുകയുടേതാണെന്നും അതിൽ എത്ര തുക നൽകിയെന്നും കുടിശ്ശിക ഉണ്ടോ എന്നും കരാറുകാർ തിരിച്ച് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** <u>അക്കാദമിക് ബ്ലോക്ക് നിർമ്മാണം</u>

1. സിവിൽ വർക്കുകൾ- M/s SRICO Builders - 23,19,60,181- ടി ബിൽ തുകയിൽ 78,18,294 രൂപ ലിക്വിഡേറ്റഡ് ഡാമേജസ് ആയി കുറച്ച് ബാക്കി മുഴുവനും നൽകിയിട്ടുണ്ട്.
2. ഇലക്ട്രിക്കൽ വർക്കുകൾ - M/s SABI Electrical- 1,91,22,764 ടി ബിൽ തുകയിൽ 75,000 കിഴിച്ച് ബാക്കിയുള്ളത് നൽകിയിട്ടുണ്ട്.
3. മെക്കാനിക്കൽ വർക്കുകൾ - M/s Omega Elevators -45,72,000- ബിൽ തുക മുഴുവൻ നൽകിയിട്ടുണ്ട്.
4. ELV വർക്കുകൾ - M/s CTL Infocom - 9,94,393/- രൂപയുടെ ബില്ലുകൾ സമർപ്പിച്ചു. നിലവിൽ കുടിശ്ശികയില്ല.

<u>ആശുപത്രി ബ്ലോക്ക് നിർമ്മാണം</u>

1. M/s RR Thulasi Builders India Pvt. Ltd - 49,75,67,640/- രൂപയുടെ ബില്ലുകൾ നൽകിയതിൽ നിയമാനുസൃത കിഴിവുകൾ കഴിഞ്ഞു 3,41,29,587/- രൂപ ഇനിയും നല്കുവാനുണ്ട്. (ടി തുക അനുവദിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.)

2. ആശുപത്രി ബ്ലോക്ക് ഫയർ ഫൈറ്റിങ് ജോലികൾ - M/s Cochin Fire Tech - 36,15,080/- രൂപയുടെ ബില്ലുകൾ സമർപ്പിച്ചു. കുടിശ്ശികയില്ല.

<u>പാർപ്പിട സൗകര്യങ്ങളുടെ നിർമ്മാണം</u>

1.M/s ULCCS Ltd – 25,39,54,039/- രൂപയുടെ ബില്ലുകൾ സമർപ്പിച്ചതിൽ ഇനി 69,85,237/- രൂപ കൊടുക്കുവാനുണ്ട്.

**(ഡി)** പ്രവൃത്തി ഏറ്റെടുത്തു ചെയ്ത ഏതെങ്കിലും കരാർ കമ്പനി പണം കിട്ടാത്തതിനാൽ കോടതിയെ സമീപിച്ചിരുന്നോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ ഏത് കമ്പനിയാണെന്നും അവർക്കുള്ള കുടിശ്ശിക എത്ര ആയിരുന്നുവെന്നും വ്യക്തമാക്കാമോ; കുറേക്കാലം നിർമ്മാണം മുടങ്ങിയത് കോടതിയിൽ കേസുള്ളതിനാലായിരുന്നോ എന്ന് വ്യക്തമാക്കാമോ; കോടതി കേസിന്റെയും കുടിശ്ശികയുടെയും ഇപ്പോഴത്തെ അവസ്ഥ വിശദമാക്കാമോ;

**<u>മറുപടി:</u>** കാസറഗോഡ് മെഡിക്കൽ കോളേജ് ആശുപത്രി ബ്ലോക്ക് നിർമ്മാണം ഏറ്റെടുത്തിരുന്ന ആർ ആർ തുളസി ബിൽഡേഴ്സ് എന്ന കമ്പനി അവർക്ക് തുക കുടിശ്ശികയായതിനാൽ ബഹു: ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ WP(C) No.4533/2022 ഫയൽ ചെയ്തിരുന്നു. ആ സമയത്ത് കരാർ കമ്പനിക്ക് 8.30 കോടി രൂപയോളം കൊടുക്കുവാനുണ്ടായിരുന്നു. ആശുപത്രി ബ്ലോക്കിന്റെ നിർമ്മാണം 2022 ഏപ്രിലിന് ശേഷം മുടങ്ങിയിട്ടുണ്ട്.

അതിനു കാരണം കരാറുകാരൻ കോടതിയിൽ WP(C) No.4533/2022 ഫയൽ ചെയ്യതും തുടർന്ന് നിർമ്മാണം പുനരാരംഭിക്കുന്നതിന് വിസമ്മതിച്ചതുമാണ്. നിലവിൽ ടി കേസിൽ ഇടക്കാല വിധി വന്നതനുസരിച്ച് കരാറുകാരന് കൊടുക്കുവാനുള്ള കുടിശ്ശികയുടെ 95% ത്തിൽ കൂടുതൽ അനുവദിച്ചിട്ടുണ്ട്. കൂടാതെ കരാറുകാരന്റെ എഗ്രിമെന്റ് ഫോർക്ളോസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 20/08/2025 പ്രാബല്യത്തിൽ ഫോർക്ളോഷർ എഗ്രിമെന്റ് നിലവിൽ വന്നിട്ടുണ്ട്. എഗ്രിമെന്റ് ഫോർക്ളോസ് ചെയ്യുന്നതോടെ WP(C) No.4533/2022 പിൻവലിക്കാമെന്ന് കരാറുകാരൻ ഫോർക്ളോഷർ എഗ്രിമെന്റിൽ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

**(ഇ)** കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജ് പൂർണരൂപത്തിൽ യാഥാർത്ഥ്യമാകാൻ ഇനി ആവശ്യമുള്ള നിർമ്മാണ പ്രവർത്തികൾ ഏതൊക്കെയാണെന്നും ഇതിന് ചെലവ് എത്രയാണെന്നും ഫണ്ട് എവിടെനിന്ന് കണ്ടെത്തുമെന്നും എത്ര സമയത്തിനകം പ്രവർത്തികൾ പൂർത്തിയാക്കുമെന്നും വ്യക്തമാക്കാമോ;

**<u>മറുപടി:</u>** കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജിൽ ആശുപത്രി ബ്ലോക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിനായും മറ്റ് സൗകര്യങ്ങൾക്കായും കിഫ്ബി മുഖേന 160 കോടി രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്. ടി പ്രവൃത്തി പൂർത്തിയാകുന്ന മുറയ്ക്ക് മെഡിക്കൽ കോളേജ് പൂർണ സജ്ജമാക്കുന്നതിനു സാധിക്കുന്നതാണ്.

**(എഫ്)** കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജിൽ എത്ര തസ്തികകളാണ് വേണ്ടതെന്ന് തസ്തിക തിരിച്ച് വ്യക്തമാക്കാമോ; ഇതിൽ എത്ര തസ്തികകളാണ് സൃഷ്ടിച്ചിട്ടുള്ളതെന്നും നിയമനം നടന്നത് എത്ര തസ്തികകളിൽ ആണെന്നും വ്യക്തമാക്കാമോ;

**<u>മറുപടി:</u>** കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജ് സ്ഥാപിതമായ സമയത്ത് 273 തസ്തികകൾ സർക്കാർ ഉത്തരവ് G O (Ms) no. 62/2020/H&FWD; dated: 09/04/2020 പ്രകാരം സൃഷ്ടിക്കപ്പെട്ടിരുന്നു; ആയതിൽ 50% തസ്തികകളിൽ ആണ് നിയമനം നടത്താൻ സർക്കാർ ഉത്തരവിൽ പരാമർശിച്ചിരുന്നത്. ബാക്കി തസ്തികകൾ റിവൈവ് ചെയ്ത് അതിൽ നിയമനം നടത്താൻ

ആ തസ്തികകൾ റിലീസ് ചെയ്ത് നൽകുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. പുനരുജ്ജീവിപ്പിക്കേണ്ട തസ്തികകളും തസ്തികകളുടെ എണ്ണവും **<u>അനുബന്ധം 1</u>** ആയി ചേർക്കുന്നു.

കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജിൽ അനുവദിക്കപ്പെട്ട തസ്തികകളും അവയുടെ എണ്ണവും, നിലവിൽ ഉള്ളതായ തസ്തികകളും അവയുടെ എണ്ണവും ചുവടെ **<u>അനുബന്ധം 2</u>** ആയി ചേർക്കുന്നു.

ഇതിനുപുറമേ 50 MBBS അഡ്മിഷൻസിനായി NMC പ്രകാരം അനിവാര്യമായ തസ്തികകൾ സൃഷ്ടിക്കേണ്ടതുണ്ട്. അതിൽ ടീച്ചിംഗ് വിഭാഗത്തിൽ 14 പ്രൊഫസർ, 17 അസോസിയേറ്റ് പ്രൊഫസർ, 8 അസിസ്റ്റന്റ് പ്രൊഫസർ തസ്തികകളും, 28 അനധ്യാപക തസ്തികകളും ഉൾപ്പെടുന്നു.

**(ജി)** എം.ബി.ബി.എസ്. പ്രവേശനം ഈ മാസം തന്നെ തുടങ്ങാനിരിക്കെ അതിനു മുൻപ് വേണ്ട അത്യാവശ്യ കാര്യങ്ങൾ എന്തൊക്കെയാണെന്നും കാസർഗോഡ് സർക്കാർ കോളേജിൽ ഇത്തരത്തിലുള്ള സജ്ജീകരണങ്ങൾ ഒരുക്കിയിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ?

**<u>മറുപടി:</u>** കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജിൽ ക്ലാസ്സുകൾ ആരംഭിക്കുന്നതിനു വേണ്ട അടിസ്ഥാന സൗകര്യങ്ങൾ അക്കാദമിക് ബ്ലോക്ക്, ലാബുകൾ, ഹോസ്റ്റലുകൾ, ആവശ്യമായ ഫർണിച്ചറുകൾ, തുടങ്ങിയവയാണ്. ഇവയിൽ അക്കാദമിക് ബ്ലോക്ക് നേരത്തെ തന്നെ പ്രവർത്തന ക്ഷമമാണ്. ലാബുകൾ സ്ഥാപിക്കുന്നതിനു 2.3 കോടി രൂപയുടെ ഭരണാനുമതി KDP മുഖേന ലഭിച്ചത് ഉപയോഗിച്ച് ലാബുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഹോസ്റ്റലുകളുടെ സിവിൽ പ്രവർത്തികൾ ഏകദേശം കഴിഞ്ഞിട്ടുണ്ട്. ഇലക്ട്രിക്കൽ പ്രവർത്തികൾ ടെണ്ടർ സ്റ്റേജിലാണ്. ആയത് ഉടനടി ആരംഭിക്കുന്നതാണ്. അതോടെ ഹോസ്റ്റലുകൾ സജ്ജമാകുന്നതാണ്. ഫർണിച്ചറുകൾ വാങ്ങുന്നതിനുള്ള ഭരണാനുമതിയ്ക്കായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ക്ളാസ്സുകൾ ആരംഭിക്കുന്നതിനായി ഇനി വേണ്ട തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

എംബിബിഎസ് വിദ്യാർത്ഥികളുടെ പഠനാവശ്യത്തിനുള്ള സജ്ജീകരണം പൂർത്തിയായി വരുന്നു. Academic Block, Lecture Hall ഉൾപ്പെടെയുള്ളവ സജ്ജീകരിച്ചിട്ടുണ്ട്. ലബോറട്ടറി, ഹോസ്റ്റൽ സൗകര്യങ്ങൾ എന്നിവ വിദ്യാർത്ഥി പ്രവേശനത്തിന് മുൻപായി പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നു.

ഉക്കിനടുക്കയിലുള്ള മെഡിക്കൽ കോളേജ് കെട്ടിടത്തിന്റെ പണി പൂർത്തിയാക്കുന്നതുവരെ കാസർഗോഡ് ജനറൽ ഹോസ്പിറ്റൽ, വിദ്യാർത്ഥികൾക്ക് ടീച്ചിംഗ് ഹോസ്പിറ്റൽ ആയി അനുവദിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**

**അനുബന്ധം 1**

Posts to be revived

| Non-teaching Faculty | | TEACHING FACULTY | |
|---|---|---|---|
| Name of the Post | No of posts | Name of the Post | No of posts to be revived |
| Senior Clerk | 1 | Assi. Prof. | 17 |
| Clerk | 1 | SR | 14 |
| Full Time Sweeper | 1 | JR | 12 |
| Part Time Sweeper | 2 | **Total** | **43** |
| Nursing Superintendent, Gr-II | 1 | | |
| Head Nurse | 2 | | |
| Staff Nurse, Gr-II | 37 | | |
| Nursing Assistant | 5 | | |
| Hospital Attendant, Gr-I | 5 | | |
| Hospital Attendant, Gr-II | 10 | | |
| Pharmacist, Gr-II | 1 | | |
| Lab Technician, Gr-II | 3 | | |
| Junior Lab Assistant | 1 | | |
| Refractionist, Gr-II | 1 | | |
| Radiographer, Gr-II | 2 | | |
| Theatre Technician, Gr-II | 1 | | |
| Junior Public Health Nurse | 1 | | |
| Medical Record Librarian, Gr-II | 1 | | |
| Power Laundry Attender | 1 | | |
| CSR Technician | 1 | | |
| Blood Bank Technician | 1 | | |
| ECG Technician | 2 | | |
| **TOTAL** | **81** | | |

സെക്ഷൻ ഓഫീസർ